**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ഗ്രേഡ് II സിവിൽ ഓവർസിയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ഗ്രേഡ് II സിവിൽ ഓവർസിയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർക്ക് സംസ്ഥാന ഓഫീസിൽ ഹാജരായി വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം അപ്പോയിന്റ്മെന്റ് ഓർഡർ നൽകുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | (എ) | വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം മാത്രമേ അപ്പോയിന്റ്മെന്റ് ഓർഡർ നൽകാനാവൂ എന്ന് ചട്ടത്തിൽ വ്യവസ്ഥയില്ല. പി.എസ്.സി-യിൽ നിന്നും അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന അധികാരി എന്ന നിലയിൽ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ അപ്പോയിന്റ്മെന്റ് ഓർഡർ നൽകിവരുന്നു. KS&SSR ഭാഗം II ചട്ടം 10(ബി)(iii)-യുടെ പ്രൊവിസോയ്ക്ക് ചുവടെയുള്ള കുറിപ്പ് (2) പ്രകാരമാണ് പ്രസ്തുത നിയമനങ്ങളുടെ നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നത്. |
| (ബി) | പ്രസ്തുത വെരിഫിക്കേഷന് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ ജോയിനിംഗ് ടൈം ആയ 15/45 ദിവസം പൂർത്തീകരിക്കുന്ന മുറയ്ക്ക് അവ എൻ.ജെ.ഡി. ആയി വീണ്ടും റിപ്പോർട്ട് ചെയ്യണമെന്നിരിക്കെ ഇ.ബി.6 സീറ്റിൽ നിന്നും അപ്രകാരം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആയത് കൈകാര്യം ചെയ്യുന്ന സി.ഇ. ഓഫീസിലെ സെക്ഷന് ഇപ്രകാരമുള്ള എൻ.ജെ.ഡി. സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകാമോ? | (സി) | നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് NJD ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുവരുന്നു. |

സെക്ഷൻ ഓഫീസർ